ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.04.2025**

## പ്രധാനവാർത്തകൾ

1) **പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി യോഗം ചേരും.**

2) **ലോക ദൃശ്യ ശ്രാവ്യ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കമാകും.**

3) **കേരളത്തിന്റെ അഭിമാന പദ്ധതിയായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും.**

4) **സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം നൽകുന്നതിൻറെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും**

5) **സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ശാരദാ മുരളീധരൻ ഇന്ന് വിരമിക്കും.**

RNU TVPM

**6) താള മേള വർണ്ണ വിസ്മയം തീർക്കാൻ തൃശൂർപൂരത്തിന് ഇന്ന്**
**കൊടിയേറ്റം, തിരുവമ്പാടിയിൽ കൊടിയേറി. പാറമേക്കാവിൽ കൊടിയേറ്റം അല്പസമയത്തിനകം.**

&&&&&&&&&&&&&&&&&&

**പഹൽഗാം-ജനറൽ**

പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി യോഗം ചേരും. കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിർമ്മല സീതാരാമൻ, എസ്. ജയ്ശങ്കർ തുടങ്ങിയവർ പങ്കെടുക്കും. സുരക്ഷാസാഹചര്യം വിലയിരുത്താൻ ഇന്നലെ പ്രധാനമന്ത്രിയുടെ വസതിയിൽ പ്രത്യേകയോഗം ചേർന്നിരുന്നു. അതിനിടെ,ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി ടെലിഫോൺ സംഭാഷണം നടത്തി. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഈജിപ്റ്റും രംഗത്തുവന്നു. ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി പാകിസ്ഥാൻ സൈന്യം നടത്തിയ വെടിവയ്പ്പിന് ഇന്ത്യൻ സൈന്യം ഫലപ്രദമായി മറുപടി നൽകി.

&&&&&&&&&&&&&&&&&&

RNUTVPM

**വേവ്സ്**

ലോക ദൃശ്യ ശ്രാവ്യ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കമാകും. മെയ് 1 മുതൽ 4 വരെ മുംബൈയിലെ ജിയോ വേൾഡ് സെന്ററിലാണ് 'വേൾഡ് ഓഡിയോ വിഷ്വൽ എന്റർടൈൻമെന്റ് സമ്മിറ്റ് നടക്കുക.

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി ഉജ്ജ്വല യോജന**

പ്രധാനമന്ത്രി ഉജ്ജ്വല യോജനയ്ക്ക് നാളെ ഒമ്പത് വർഷം പൂർത്തിയാകും. വിറക്, ചാണകം തുടങ്ങിയ പരമ്പരാഗത പാചക ഇന്ധനങ്ങൾക്ക് പകരം എല്ലാ വീടുകളിലും എൽപിജി കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2016 മെയ് ഒന്നിനാണ് പദ്ധതി ആരംഭിച്ചത്.10.33 കോടി എൽപിജി കണക്ഷനാണ് പദ്ധതിയിലൂടെ ഇതുവരെ നൽകിയത്.

RNUTVPM

&&&&&&&&&&&&&&&&&&

**വിഴിഞ്ഞം- ഇൻട്രോ**

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോട്

അനുബന്ധിച്ച് കനത്തസുരക്ഷയാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്.

*വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**വിഴിഞ്ഞം-വി ഡി സതീശൻ**

വിഴിഞ്ഞം തുറമുഖം രാജ്യത്തിനു സമർപ്പിക്കുന്ന ചടങ്ങിൽ പടങ്കെടുക്കില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ. സംസ്ഥാന സർക്കാർ ചടങ്ങിലേക്ക് തന്നെ വിളിച്ചിട്ടില്ലെന്നും, വിഴിഞ്ഞം തുറമുഖം UDF സർക്കാരിൻറെ നിശ്ചയദാർഢ്യം കൊണ്ടുണ്ടായതാണെന്നും പ്രതിപക്ഷ നേതാവ് കോട്ടയത്ത് മാധ്യമങ്ങളോടു പറഞ്ഞു.

RIJU TVPM

&&&&&&&&&&&&&&&&&&

**സൂമ്പാ ഡാൻസ്-മുഖ്യമന്ത്രി**

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംമ്പാ ഡാൻസ് പരിശീലനം നൽകുന്നതിൻ്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. 15 സ്കൂളുകളിൽ നിന്നായി

ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഇന്ന് വൈകിട്ട് സൂംബാ അവതരിപ്പിക്കും. സർക്കാരിൻറെ ലഹരിവിരുദ്ധ കാമ്പയിൻറെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**മൃഗ സർജറി യൂണിറ്റ് ഉദ്ഘാടനം**

മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ 47 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 ജില്ലാ കേന്ദ്രങ്ങളിൽ മൊബൈൽ സർജറി യൂണിറ്റുകളും സജ്ജമാക്കുന്നു. ഇവയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങ് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**ചീഫ് സെക്രട്ടറി**

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ശാരദാ മുരളീധരൻ ഇന്ന് വിരമിക്കും. ഇന്ന് വൈകിട്ട് ദർബാർ ഹാളിൽ നടക്കുന്ന യാത്രയയ്പ്പ് ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി A. ജയതിലക് ആണ് അടുത്ത ചീഫ് സെക്രട്ടറി.

&&&&&&&&&&&&&&&&&&

**ബസവ ജയന്തി**

ഇന്ന് ബസവ ജയന്തി. ഇന്ത്യയിൽ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് നാന്ദികുറിച്ച കർണാടകത്തിലെ ബസവേശ്വരയെ അനുസ്മരിച്ച് ഇന്ന് ബസവ ജയന്തി ആഘോഷിക്കുന്നു. ബസവേശ്വരയുടെ സാമൂഹ്യ ദർശനവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള അദ്ദേഹത്തിന്റെ അക്ഷീണ പരിശ്രമങ്ങളും ഇന്നും ജനങ്ങളെ മുന്നോട്ട് നയിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**അക്ഷയ ത്രിതീയ**

ഇന്ന് അക്ഷയ ത്രിതീയ. വൈശാഖ മാസത്തിലെ ശുക്ലപക്ഷ ത്രിതിയയാണ് അക്ഷയ ത്രിതീയ ആയി ആചരിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാവർക്കും അക്ഷയ ത്രിതീയ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

**തൃശൂർ പൂരം- ഇൻട്രോ**

താള മേളങ്ങളും വർണ്ണ വിസ്മയങ്ങളുമായി വീണ്ടും ഒരു പൂരം വരുന്നു. തിരുവമ്പാടിയിൽ കൊടിയേറി.

RNUTVPM

*വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

### മുഖ്യമന്ത്രി-എൻഎസ്എസ്

ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്ന് ചികിത്സയിൽ കഴിയുന്ന എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായരെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. കോട്ടയത്തെ പൊതുപരിപാടി കഴിഞ്ഞ് മടങ്ങുംവഴി ചങ്ങനാശ്ശേരി എൻഎസ്എസ് മിഷൻ ആശുപത്രിയിൽ എത്തിയാണ് മുഖ്യമന്ത്രി അദ്ദേഹത്തെ കണ്ടത്.

RNU TVPM

&&&&&&&&&&&&&&&&&&

### അധ്യാപക പരിശീലനം

പുതുക്കിയ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും അടുത്ത മാസം 13 മുതൽ 5 ദിവസം സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനം നൽകുമെന്നു മന്ത്രി വി ശിവൻകുട്ടി അറിയിച്ചു . പുതുക്കിയ പാഠപുസ്തകങ്ങളെ പരിചയപ്പെടുത്തുന്നതു കൂടാതെ ലഹരി വിരുദ്ധ പ്രചരണ

പരിപാടിയുടെ പരിശീലനവും മുഴുവൻ അധ്യാപകർക്കും നൽകും.

&&&&&&&&&&&&&&&&&&

**സബ്ജക്റ്റ് മിനിമം**

സംസ്ഥാനത്തു എട്ടാം ക്ലാസ്സിൽ സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നതിന്റെ ഭാഗമായി 30 ശതമാനത്തിൽ കുറവായി സ്കോർ നേടിയ വിദ്യാർത്ഥികൾക്കായി ഈ മാസം 25 ന് ആരംഭിച്ച പരീക്ഷ ഇന്ന് അവസാനിക്കും .എട്ടാം ക്ലാസ്സിൽ ആകെ 3.9 ലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതി. ഫലം മറ്റന്നാൾ പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

RNUTVPM

**വീണാജോർജ്ജ്**

സംസ്ഥാനത്ത് മറ്റന്നാൾ മുതൽ മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തും. ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായാണ് ഒരു മാസക്കാലം പരിശോധനകൾ നടത്തുക . തട്ടുകട മുതൽ ചെക്ക് പോസ്റ്റുകൾ വരെ വിപുലമായ പരിശോധന നടത്തുമെന്ന് മന്ത്രി വീണ ജോർജ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**നിലമ്പൂർ-വോട്ടർപട്ടിക**

നിലമ്പൂർ നി യമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരു ചേർക്കാനും നീക്കം ചെയ്യാനും തെറ്റുതിരുത്താനും മറ്റും ലഭിച്ച അപേക്ഷകളുടെ പട്ടികയും തെറ്റുതിരുത്തിയ പട്ടികയും രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കു കൈമാറി. പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസറുടെ നോട്ടീസ് ബോർഡിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസറുടെയും മലപ്പുറം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെയും വെബ്സൈറ്റുകളിലും ലഭ്യമാണ്.

&&&&&&&&&&&&&&&&&&

## സണ്ണി തോമസ് നിര്യാണം

ദ്രോണാചാര്യപുരസ്കാര ജേതാവായ ഷൂട്ടിംഗ് പരിശീലകൻ പ്രൊഫ. സണ്ണി തോമസ് അന്തരിച്ചു.85 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. കോട്ടയം ജില്ലയിലെ ഉഴവൂർ സ്വദേശിയാണ്. ഒളിംബിക്സ് ജേതാവ് അഭിനവ് ബിന്ദ്രയുടെ പരിശീലകനായിരുന്നു. റൈഫിൾ ഓപ്പൺ സൈറ്റ് ഇവന്റിൽ കേരളത്തിൽ നിന്നുള്ള മുൻ ഇന്ത്യൻ ദേശീയ ഷൂട്ടിംഗ് ചാമ്പ്യനാണ് സണ്ണി തോമസ് . 1993 മുതൽ 2012 വരെ 19 വർഷം അദ്ദേഹം ഇന്ത്യൻ ഷൂട്ടിംഗ് ടീമിന്റെ പരിശീലകനായി.

ഉഴവൂരിലുള്ള സെന്റ് സ്റ്റീഫൻസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന സണ്ണി തോമസ് വിരമിച്ച

RNU TVPM

ശേഷം ഷൂട്ടിംഗ് പരിശീലകനായി പ്രവർത്തിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## ഐഎം വിജയൻ

മൂന്നരപതിറ്റാണ്ടിലധികം നീണ്ട പൊലീസ് സർവീസിൽ നിന്ന് ഫുട്ബോൾ ഇതിഹാസം ഐഎം വിജയന് ഇന്ന് ഔദ്യോഗിക പടിയിറക്കം. മലപ്പുറം എംഎസ്പി ഡപ്യൂട്ടി കമാൻഡന്റായാണ് വിരമിക്കുന്നത്.1987ൽ ഹവിൽദാറായിട്ടായിരുന്നു നിയമനം. 2003 ൽ അർജുന അവാർഡ് ലഭിച്ച വിജയന് ഈ വർഷം പത്മശ്രീ പുരസ്കാരവും ലഭിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ചെസ്സ്

കോട്ടയം ചെസ് അക്കാദമി സംഘടിപ്പിക്കുന്ന രാജ്യാന്തര ഗ്രാൻഡ്മാസ്റ്റർ ഓപ്പൺ ചെസ് ടൂർണമെന്റിന് ഇന്നു കോട്ടയത്തു തുടക്കം. 16 രാജ്യങ്ങളിൽ നിന്നും 232 താരങ്ങൾ പങ്കെടുക്കുന്നു.

**Editor:GIRISH.B, Source: 7.25 എ.എം, CNRT:GIRISH(NE) , Reader: THULASIDAS P S, DEO:SANDHYA RANI G S**

## കെ.പി.എൽ

കേരള പ്രിമിയർ ലീഗ് ഫുട്ബോളിൽ ഇന്ന് കോഴിക്കോട് നടക്കുന്ന മത്സരത്തിൽ കെ.എസ്.ഇ.ബിയും ഗോകുലം കേരളയും ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ കേരള പൊലീസ് , ഇൻറർ കേരള എഫ്സിയെ തോൽപിച്ചു.

RIUTVPM

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

വരും ദിവസങ്ങളിൽ സംസ്ഥാനത്ത് താപനില വർദ്ധിക്കാൻ സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കൊല്ലം, കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ താപനില 36 മുതൽ 38 ഡിഗ്രി വരെ ഉയർന്നേക്കാം.

&&&&&&&&&&&&&&&&&&

**അഷ്റഫ്-മംഗളൂരു**

മംഗളൂരുവിൽ ആൾക്കൂട്ടത്തിൻറെ മർദ്ദനത്തിന് ഇരയായി കൊല്ലപ്പെട്ട വയനാട് പുൽപ്പള്ളി സ്വദേശി അഷ്റഫിന്റെ മൃതദേഹം മലപ്പുറത്ത് എത്തിച്ചു. ചോലക്കുണ്ട് ജുമാ മസ്ജിദിൽ ഖബറടക്കും.

&&&&&&&&&&&&&&&&&&

**മിൽമ -ലാഭം**

2024-25 സാമ്പത്തിക വർഷത്തിൽ മിൽമ തിരുവനന്തപുരം മേഖല യൂണിയന് 39.07 കോടി രൂപയുടെ ലാഭം. കഴിഞ്ഞ 10 വർഷത്തിനിടെ ഏറ്റവും ലാഭം നേടിയ സാമ്പത്തിക വർഷമാണ് ഇതെന്ന് മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 42 പോയിന്റ് ഉയർന്ന് 80326-ലും, നിഫ്റ്റി 11 പോയിന്റ് വർദ്ധിച്ച് 24347-ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ വില കുറഞ്ഞു. പവന് 40 രൂപ കുറഞ്ഞ് 71,800 രൂപയും, ഗ്രാമിന് 8,980. രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM